(സി) തിരക്കുള്ള നിരത്തുകളിൽ പകൽ സമയത്ത് ഇത്തരം സിനിമാ-സീരിയൽ ഷൂട്ടിംഗ് നടത്തുന്നത് നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) മുൻകൂർ അനുമതി വാങ്ങാറുണ്ട്. ഗതാഗത തടസ്സം ഉണ്ടാകാവുന്ന ഷൂട്ടിംഗുകൾക്ക് പോലീസ് അനുമതി നൽകാറില്ല.

ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി

14 (4618) ശ്രീ. എം. ഉമ്മർ :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ദേശീയ നിയമ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി സർക്കാർ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എങ്ങനെയാണ് ഫണ്ട് ശേഖരണം നടത്തുന്നത് ;

(ഡി) നഷ്ടപരിഹാരം ഏതെല്ലാം ഇനങ്ങൾക്കാണ് നൽകുന്നതെന്നും എത്ര തുക വീതമാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-12-2009-ൽ നിലവിൽ വന്ന 2008-ലെ ക്രിമിനൽ നടപടിക്രമ സംഹിത (ഭേദഗതി) നിയമ പ്രകാരം ക്രിമിനൽ കേസുകളിൽ കഷ്ട നഷ്ടങ്ങൾ നേരിടുന്ന വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള 357A എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. കഷ്ടനഷ്ടങ്ങൾക്കിരയാകുന്ന വ്യക്തികൾക്കോ അവരുടെ രക്ഷിതാക്കൾക്കോ നിയമപരമായ അവകാശികൾക്കോ നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രസർക്കാരുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കണമെന്ന് സെക്ഷൻ 357A പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനു കോടതി ശുപാർശ ചെയ്തു കഴിഞ്ഞാൽ ജില്ല/സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റികളാണ് നൽകേണ്ട നഷ്ടപരിഹാരത്തിന്റെ അളവ് നിശ്ചയിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി - ഡി) സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതി ആവിഷ്ക്കരിക്ക പ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങൾക്ക് വ്യക്തത ഉണ്ടാവുകയുള്ളൂ.

ജനമൈത്രി പോലീസ് സ്റ്റേഷനുകൾ

15 (4619) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യ ത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ അംഗബലം ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

ക്രൈം വാരികയുടെ പത്രാധിപരെ അറസ്റ്റ് ചെയ്തത് സംബന്ധിച്ച്

16 (4621) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം വാരികയുടെ പത്രാധിപർ ടി. പി. നന്ദകുമാർ, അസോസി യേറ്റ് എഡിറ്റർ രാജുഹരിഹരൻ എന്നിവരെ 2010 ജൂലൈ 3-ന് എന്തെല്ലാം കുറ്റങ്ങളുടെ പേരിലാണ് അറസ്റ്റ് ചെയ്തത് ;

(ബി) പരാതിക്കാരനായ അലക്സാണ്ടർക്കെതിരെ ശ്രീ. നന്ദകുമാർ മുമ്പ് പരാതി സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം കുറ്റകൃത്യങ്ങളിലാണ് അലക്സാണ്ടർ ഏർപ്പെട്ടിട്ടുള്ളതെന്നാണ് ശ്രീ. നന്ദകുമാർ പരാതിപ്പെട്ടിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ ;

(ഡി) 'എത്തിക്സ് ഇന്ത്യ' എന്ന സ്ഥാപനത്തിലേയും, ശ്രീ. രാജു ഹരിഹരൻ എന്ന വ്യക്തിയുടേയും പക്കൽ നിന്ന് കംപ്യൂട്ടറിന്റെ എത്ര ഹാർഡ് ഡിസ്കുകളാണ് പോലീസ് പിടിച്ചെടുത്തിട്ടുള്ളത് ;

(ഇ) മേൽ സൂചിപ്പിച്ച കേസുമായി 'എത്തിക്സ് ഇന്ത്യ' എന്ന സ്ഥാപ നത്തിന് ബന്ധമുണ്ടോ ; ഇല്ലെങ്കിൽ അവരുടെ കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്ക് എടുത്തതെന്തിനെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഏതു വകുപ്പനുസരിച്ചാണ് നന്ദകുമാർ, രാജുഹരിഹരൻ എന്നി വർക്കെതിരെ പോലീസ് കേസെടുത്തിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly